# Jubilet

Jubilee Mission Medical College & Research Institute Since 1951 Vol. 10 Issue 4 April 2024




WORLD HEALTH DAY

# ഉള്ളടക്കം


RESEARCH WINGS 4,14
ഡോ. ഡി. എം വാസുദേവൻ എൻഡോവ്മെന്റ് ഒറേഷൻ

20
നമുക്കിടയിൽ
ഹീമോഫീലിയ ചികിത്സാകേന്ദ്രം

എഡിറ്റോറിയൽ ..... 01

ജൂബിലിയിൽ പുതിയ ഡയാലിസിസ് യൂണിറ്റ് ..... 03

ഡൗൺ സിൻഡ്രോം ഡേ ..... 07

വേൾഡ് ഒബെസിറ്റി ഡേ ..... 08

ലോക ഗ്ലോക്കോമ വാരാചരണം ..... 10

ലോക ഒപ്ടോമെട്രിദിനം ..... 12

ഇന്റർനാഷണൽ ഹൈബ്രിഡ് വർക്ക്ഷോപ്പ് ..... 13

ലോക ക്ഷയരോഗദിനം ..... 15

PBM - പാരഡൈം ഷിഫ്റ്റ് ഇൻ ട്രാൻസ്ഫ്യൂഷൻ പ്രാക്ടീസസ് ..... 18

സംഭാരവിതരണം ..... 24

ലോക കേൾവി ദിനാചരണം ..... 25

പോളിയോ ഇമ്മ്യുണൈസേഷൻ ..... 29

ആയുർവേദ മിഷൻ ആശുപത്രിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് 30

സൗജന്യ മെഡിക്കൽ ക്യാമ്പ് ..... 31

വേൾഡ് ഹെൽത്ത് ഡേ ..... 34

ആരോഗ്യജീവിതത്തിന് അഭ്യംഗം ..... 35

Welcome TO JUBILEE FAMILY 23

DOCTOR'S CORNER 27
BACK PAIN AFTER SPINAL ANAESTHESIA : THE FACTS

33
നന്ദി; വീഴ്ച ഒഴിവാക്കിയതിന്




ലോകാരോഗ്യസംഘടന (WHO) ലോകാരോഗ്യദിനമായി ആചരിക്കുന്നത് ഏപ്രിൽ 7-ന് ആണ്. ഈ വർഷം ലോക ആരോഗ്യ ദിനത്തിന്റെ സന്ദേശം ''എന്റെ ആരോഗ്യം എന്റെ അവകാശം'' എന്നാണ്.

നൂതനമായ ലോകത്തിന്റെ ഏറ്റവും വലിയ പ്രത്യേകത വേഗതയാണ്. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ കാര്യങ്ങൾ. ഈ ആശയം മനുഷ്യനിൽ ഉടലെടുക്കുമ്പോൾ അവന്റെ ചിന്താഗതികൾ തന്നെ മാറിപ്പോകുന്നു. പ്രവർത്തികളിൽ മാത്രം ശ്രദ്ധിക്കുന്ന വ്യക്തി അതിന്റെ ഫലങ്ങളിലേക്ക് പ്രാധാന്യം നൽകുന്നു. അത്തരം സന്ദർഭങ്ങളിൽ നഷ്ടപ്പെടുന്ന വിലപ്പെട്ട പലതിനെയും മനസ്സിലാക്കാതെ മനുഷ്യജീവിതം പോകുന്നു. ജീവിത സായാഹ്നത്തിലായിരിക്കും നഷ്ടലാഭങ്ങളുടെ കണക്കെടുപ്പിനൊടുവിൽ തന്റെ ജീവിതം പരാജയമായിരുന്നെന്ന് അത്തരം വ്യക്തികൾ മനസ്സിലാക്കുന്നത്.

ഇങ്ങനെ നഷ്ടപ്പെടുന്ന ചില അമൂല്യരത്നങ്ങളാണ് പരസ്പര ബന്ധങ്ങളും നമ്മുടെ ആരോഗ്യവും. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം ആരോഗ്യം പ്രധാനപ്പെട്ടതാണ്. നല്ല ആരോഗ്യമുള്ള ശരീരത്തിലേ നല്ല മനസ്സുണ്ടാകൂ എന്ന് പറയാറുണ്ട്. മനസ്സും ആരോഗ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന രണ്ട് ഘടകങ്ങളാണ്.

നല്ല മനസ്സ് ഉണ്ടാകണമെങ്കിൽ നല്ലതു കാണാനും നല്ലത് കേൾക്കാനും നല്ലതു പറയാനും നല്ലത് ചിന്തിക്കാനും പരിശ്രമിക്കണം. നല്ല ആരോഗ്യം ഉണ്ടാകണമെങ്കിൽ നന്നായി ഉറങ്ങാനും നന്നായി വ്യായാമം ചെയ്യാനും പരിശ്രമിക്കണം.



ജീവിതത്തിന് കൃത്യമായ ഒരു ക്രമം രൂപപ്പെടുത്തുകയാണ് നല്ല ആരോഗ്യത്തിനും നല്ല മനസ്സിനും ഉടമയാകാൻ ആഗ്രഹിക്കുന്നവർ ചെയ്യേണ്ടത്. വ്യായാമത്തിനും വിശ്രമത്തിനും വിനോദത്തിനും വിജ്ഞാനത്തിനും പ്രാധാന്യം നൽകുന്ന ചിട്ടയായ ജീവിതശൈലി നമുക്ക് നല്ല മനസ്സും നല്ല ആരോഗ്യവും പ്രദാനം ചെയ്യും.

നല്ല ആരോഗ്യമുള്ളവരാകുവാൻ പരസ്പര ബന്ധങ്ങൾക്ക് പ്രാധാന്യം നൽകി മനസ്സിനെ നൻമയിലൂടെ മാത്രം വഴി നടത്തി ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം. ചിട്ടയായ ജീവിത ക്രമത്തിലൂടെ ആരോഗ്യമുള്ള മനസ്സും ആരോഗ്യമുള്ള ശരീരവും സ്വന്തമാക്കി നവസമൂഹ സൃഷ്ടിയിൽ മുൻപന്തിയിൽ നിൽക്കാൻ നമുക്ക് പരിശ്രമിക്കാം.

ദൈവകരുണ നമ്മൾ ഏവരോടും കൂടെ ഉണ്ടാകട്ടെ.

**ഫാ. ചാലക്കൽ ജാക്സൺ**

# ജൂബിലിയിൽ പുതിയ ഡയാലിസിസ് യൂണിറ്റ്






മണപ്പുറം ഫൗണ്ടേഷൻ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിക്ക് നൽകിയ പുതിയ ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനം തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ. എം. കെ. വർഗ്ഗീസ് നിർവ്വഹിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷനായിരുന്നു. മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിങ്ങ് ഡയറക്ടറുമായ വി. പി. നന്ദകുമാർ മുഖ്യപ്രഭാഷണം നടത്തി. പാവപ്പെട്ട രോഗികൾക്ക് ചികിത്സാ ഇളവ് നൽകുന്ന ജൂബിലി കെയർ കാർഡ് മണപ്പുറം ഫൗണ്ടേഷൻ സി. ഇ. ഒ. ജോർജ്ജ് ഡി. ദാസിന് ജൂബിലി മിഷൻ ആശുപത്രിയുടെ സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് കൈമാറി. ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ വി. പി. നന്ദകുമാറിനെ ഉപഹാരം നൽകി ആദരിച്ചു. നെഫ്രോളജി വിഭാഗം മേധാവി ഡോ. ജോൺ എ. ജി. നന്ദി പ്രകാശിപ്പിച്ചു.




RESEARCH WINGS

### ഡോ. ഡി. എം വാസുദേവൻ എൻഡോവ്മെന്റ് ഒറേഷൻ

# ജനിതക ഘടനാഫലങ്ങൾ സംരക്ഷിക്കുന്നതിന്റെ ആവശ്യകത



വ്യക്തികളുടെ ജീനോം പഠനഫലങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് നിയമസംരക്ഷണം ആവശ്യമാണെന്ന് പ്രമുഖ ജീനോമിക്സ് ശാസ്ത്രജ്ഞനായ ഡോ. വിനോദ് സ്കറിയ അഭിപ്രായപ്പെട്ടു. ജീനോം പരിശോധനയ്ക്ക് വിധേയരാകുന്നവരുടെ ഡാറ്റ മറ്റ് ഏജൻസികൾ ഉപയോഗിക്കാതിരിക്കുന്നതിനും വ്യക്തികളുടെ സ്വകാര്യതയ്ക്കും സിവിൽ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും ഇന്ത്യയിൽ നിയമനിർമ്മാണം ആവശ്യമാണ്. പല വിദേശരാജ്യങ്ങളിലും ഇത് നിലവിലുണ്ട്. ഇക്കാര്യത്തിൽ ഇന്ത്യൻ രാഷ്ട്രീയ നേതൃത്വം ശ്രദ്ധാലുവാകണമെന്ന് ജൂബിലി ഗവേഷണകേന്ദ്രത്തിലെ വിദ്യാർത്ഥികളും ശാസ്ത്രജ്ഞരും മെഡിക്കൽ കോളേജ് അദ്ധ്യാപകരുമായി നടന്ന സംവാദത്തിൽ ബാംഗ്ലൂർ

വിശ്വനാഥ് കാൻസർ കെയർ ഫൗണ്ടേഷനിലെ ജീനോമിക്സ് ശാസ്ത്രജ്ഞനായ ഡോ വിനോദ് സ്കറിയ അഭിപ്രായപ്പെട്ടു ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഡോ. ഡി. എം. വാസുദേവൻ എൻഡോവ്മെന്റ് ഒറേഷനിൽ ആറാമത് പ്രഭാഷണം നടത്താൻ എത്തിയതായിരുന്നു അദ്ദേഹം.

വ്യക്തികളുടെ ജനിതക ഘടനയും വ്യക്തിഗത ചികിത്സയും എന്ന വിഷയത്തെ അധികരിച്ചാണ് ഡോ. വിനോദ് പ്രഭാഷണം നടത്തിയത്. നമ്മുടെ ജനിതക ഘടന പൂർണ്ണമായും അറിയാനുള്ള സാങ്കേതികവിദ്യ ഇന്ന് നിലവിലുണ്ട്. ജനിതക ഘടനയും വ്യതിയാനങ്ങളും അറിയാനുള്ള ജീനോം സീക്വൻസിങ്ങിന്റെ (Genome sequencing) ചിലവ് കുറഞ്ഞുവരികയാണ്. ഒരു ദശകത്തിനുള്ളിൽ സാധാരണ രക്തപരിശോധന ചിലവിലേക്ക് കുറഞ്ഞുവരും. കുട്ടികൾക്ക് ചെറുപ്പത്തിൽതന്നെ ജീനോം സീക്വൻസിങ്ങ് ചെയ്ത് പ്രയോഗത്തിൽ കൊണ്ടുവരുന്നത് പുതിയൊരു ആരോഗ്യ സംരക്ഷണ സംസ്കാരത്തിന് തുടക്കം കുറിക്കുമെന്ന് പ്രഭാഷണത്തിൽ ഡോ. വിനോദ് പറഞ്ഞു. ഇതുവഴി ഓരോ വ്യക്തിയുടേയും വിവിധ ചികിത്സകളോടുള്ള പ്രതികരണം മനസ്സിലാക്കി വ്യക്തിഗതപരിചരണം നൽകാൻ കഴിയും. ഇനിയുള്ള കാലം ഡിജിറ്റൽ രോഗപരിശോധനയുടെ കാലമാണ്. അതിന് നാം ഇപ്പോൾതന്നെ ഒരുങ്ങേണ്ടിയിരിക്കുന്നു - ഡോ. വിനോദ് സ്കറിയ കൂട്ടിച്ചേർത്തു.

എൻഡോവ്മെന്റ് ഒറേഷനിൽ ജൂബിലി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ അദ്ധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്തു. മൈക്രോബയോളജി അസോസിയേറ്റ് പ്രൊഫസർ ഡോ. റോസ്മി ജോസ് പ്രഭാഷകനെ പരിചയപ്പെടുത്തി. അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി ഉപഹാരം സമർപ്പിച്ചു. ഡോ. വാസുദേ






വനെക്കുറിച്ച് ഡോ. കെസിയ കുരുവിള പ്രസിദ്ധീകരിച്ച പുസ്തകം ജൂബിലി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ പ്രഭാഷകന് സമ്മാനിച്ചു. ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് കോഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസ് സ്വാഗതവും സയന്റിസ്റ്റ് ഡോ. മാത്യു ജോൺ നന്ദിയും പറഞ്ഞു. റിസർച്ച് ഡയറക്ടർ ഡോ. ഡി. എം. വാസുദേവൻ, ശ്രീമതി ദേവി വാസുദേവൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ആരോഗ്യസർവ്വകലാശാല റിസർച്ച് ഡീൻ ഡോ. കെ. എസ്. ഷാജി, ഡോ. സി. കെ. കെ. നായർ തുടങ്ങിയവർ പങ്കെടുത്തു.

## Congratulations!

IMA സംഘടിപ്പിച്ച ILLUMINA 2024 മെഡിക്കൽ ക്വിസിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ 16-ാം ബാച്ച് MBBS വിദ്യാർത്ഥികളായ ഡോ. ലിസ് ജെ. തലക്കോട്ടൂർ, ഡോ. ജസിയ ജബിൻ എന്നിവർക്കും രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ഡോ. അശ്വതി വി. യ്ക്കും ഡോ. റോസ് മുട്ടത്തിനും ഇതിനായി ഇവരെ ഗൈഡ് ചെയ്ത ഡോ. ലിൻജു ജോസ്, ഡോ. അബൂബക്കർ മുഹമ്മദ് റാഫി എന്നിവർക്കും ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.









# ഡൗൺ സിൻഡ്രോം ഡേ

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പീഡിയാട്രിക്സ് വിഭാഗം, ഡൗൺ സിൻഡ്രോം ദിനം മാർച്ച് 21 -ന് ആചരിച്ചു. ഡൗൺ സിൻഡ്രോം, അതിന്റെ ചരിത്രം, പദോൽപ്പത്തി, ക്ലിനിക്കൽ സവിശേഷതകൾ എന്നിവയെക്കുറിച്ച് പി. ജി. റസിഡന്റ് ഡോ. ആതിര സംസാരിച്ചു. ഡൗൺ സിൻഡ്രോം എന്ന ജനിതക അസുഖമുള്ള കുട്ടികളുടെ മാതാ പിതാക്കൾക്ക് ജനിതക കൗൺസിലിംഗ് എങ്ങനെ ചെയ്യണം എന്നതിനെക്കുറിച്ച് വിശദമായ ചർച്ച നടന്നു. പ്രഭാഷണത്തിൽ കൺസൾട്ടന്റുമാർ, വിദ്യാർത്ഥികൾ, ഹൗസ് സർജൻമാർ, അവസാന വർഷ മെഡിക്കൽ ബിരുദാനന്തര ബിരുദ വിദ്യാർഥികൾ എന്നിവർ പങ്കെടുത്തു.

## Congratulations!

**MBBS 1ST YEAR**

**100% വിജയം**

**8 ഡിസ്റ്റിംഗ്ഷനും**

**63 ഫസ്റ്റ് ക്ലാസ്സും**

കേരള ആരോഗ്യ സർവ്വകലാശാലയുടെ ഒന്നാം വർഷ എം. ബി. ബി. എസ്. പരീക്ഷയിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് 100 ശതമാനം വിജയം നേടി. 100 പേർ പരീക്ഷയെഴുതിയതിൽ 100 പേരും വിജയിച്ചു. 8 പേർ ഡിസ്റ്റിങ്ങ്ഷനും 63 പേർ ഫസ്റ്റ് ക്ലാസ്സും നേടി. ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ പ്രിൻസിപ്പൽ ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ അഭിനന്ദിച്ചു.





# വേൾഡ് ഒബെസിറ്റി ഡേ

ലോക അമിതഭാര ദിനാചരണത്തിന്റെ ഭാഗമായി 2024 മാർച്ച് 8ന് തൃശ്ശൂരിലെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് & നിയോനാറ്റോളജി വിഭാഗം, കുട്ടികളുടെ ആരോഗ്യത്തിൽ അമിതഭാരം ഉണ്ടാക്കുന്ന വ്യതിയാനങ്ങൾ എന്ന വിഷയത്തെ സംബന്ധിച്ച് രക്ഷിതാക്കളിൽ അവബോധം വളർത്തുന്നതിനായി ഒരു ഇന്ററാക്ടീവ് സെഷൻ നടത്തി. വകുപ്പ്തല മേധാവി ഡോ വിനോദ്  ജേക്കബ് ചെറിയാൻ, ഫാക്കൽറ്റി, പി. ജി, ഹൗസ് സർജന്മാർ, ജീവനക്കാർ, രക്ഷിതാക്കൾ എന്നിവർ സജ്ജീവമായി പങ്കെടുത്തു. അന്താരാഷ്ട്ര വനിതാ ദിനത്തോട് അനുബന്ധിച്ചുള്ള പരിപാടിയായതിനാൽ ലിംഗ വിവേചനത്തിന് എതിരെ ഉള്ള ഒരു പ്രത്യേക ഫോട്ടോസെഷനും ഉണ്ടായിരുന്നു. പി.ജി റസിഡന്റ് ഡോ. ശരത്ത് അവസാനവർഷ  അമ്മമാരോടും നഴ്സിംഗ് സ്റ്റാഫിനോടും ഉജ്ജ്വലവും വിജ്ഞാനപ്രദവുമായ പ്രഭാഷണം നടത്തി. സീനിയർ റസിഡന്റ് ഡോ. റിനു നടത്തിയ സ്പോട്ട് ക്വിസ് വിജയികൾക്ക് പീഡിയാട്രിക്സ് പ്രൊഫസർ ആയ ഡോ. രതിയും അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. ജിബിയും സമ്മാനങ്ങൾ നൽകി. പീഡിയാട്രിക്സ് പിജി റസിഡന്റ് ഡോ ദിവ്യയുടെ നന്ദി പ്രകാശനത്തോടെ പരിപാടികൾ മംഗളമായി സമാപിച്ചു.





# Congratulations!

## III[RD] YEAR BSC Nursing

# നൂറിൽ നൂറ്



## 7 ഡിസ്റ്റിംഗ്ഷനും 42 ഫസ്റ്റ് ക്ലാസ്സും

കേരള ആരോഗ്യ സർവ്വകലാശാലയുടെ മൂന്നാംവർഷ ബി. എസ്. സി. നഴ്സിംഗ് പരീക്ഷയിൽ ജൂബിലി മിഷൻ നഴ്സിംഗ് കോളേജിന് നൂറു ശതമാനം വിജയം. ഏഴു ഡിസ്റ്റിംഗ്ഷനും 42 ഫസ്റ്റ് ക്ലാസ്സും നേടി ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ, ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് എന്നിവർ അഭിനന്ദിച്ചു.

## വൃത്തിയിൽ വിളമ്പിയതിന്

# അംഗീകാരം

2024 ഫെബ്രുവരി 28-ാം തിയ്യതി ഫുഡ് ആൻഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI)യുടെ നേതൃത്വത്തിൽ നടത്തിയ ഹൈജിൻ ഓഡിറ്റിൽ ജൂബിലി മിഷൻ 'The Restaurant Canteen & Central Kitchen'ന് 'Very Good' റേറ്റിങ്ങ് ലഭിച്ചു.




**Our Motto : Serving Food With Love**




World Glaucoma Week
March 10 - 16, 2024

# കണ്ണാണ് കണ്ണ്!!!

## ലോക ഗ്ലോക്കോമ വാരാചരണം

ജൂബിലി മിഷൻ ആശുപത്രിയിൽ ഐ. എം. എ. ജൂബിലി യുടെയും തൃശ്ശൂർ അക്കാദമിക് ക്ലബ്ബ് ഓഫ് ഒഫ്താൽമോളജി (TACO) യുടെയും നേതൃത്വത്തിൽ 2024 മാർച്ച് 10 മുതൽ 16 വരെ ലോക ഗ്ലോക്കോമ വാരാചരണം സംഘടിപ്പിച്ചു. ലോക ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായ പരിപാടികളുടെ ഉത്ഘാടനം മാർച്ച് 14-ാം തിയ്യതി ജൂബിലി മിഷൻ ആശുപത്രി സെന്റ് തോമസ് ബ്ലോക്കിലെ നേത്രരോഗവിഭാഗത്തിൽ സംഘടിപ്പിച്ചു. IMA കമ്മിറ്റി ഓഫ് പ്രിവൻഷൻ ബ്ലൈൻഡ്നെസ് പ്രോഗ്രാമിന്റെ കൺവീനറും ജൂബിലി ഒഫ്താൽമോളജി സീനിയർ കൺസൾട്ടന്റുമായ ഡോ. ആൻഡ്രൂസ് സി. വി. യുടെ സ്വാഗതത്തോടുകൂടി ആരംഭിച്ച പരിപാടി ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി ഉത്ഘാടനം



ചെയ്തു. ചടങ്ങിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. ജൂബിലി ഐ. എം. എ. പ്രസിഡണ്ട് ഡോ. നവീൻ ഐസക്ക് ജോൺ, ഒഫ്താൽമോളജി പ്രൊഫസർ ഡോ. സേതു പി. എ., അസി. പ്രൊഫസർ ഡോ. രഘു എ. സി. എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ഒഫ്താൽമോളജി സീനിയർ റസിഡന്റും TACO പ്രസിഡന്റുമായ ഡോ. റോളന്റ് ഗോഡ്‌ലിയുടെ നന്ദിയോടുകൂടി ചടങ്ങുകൾ സമാപിച്ചു. ഗ്ലോക്കോമ വാരാചരണത്തിന്റെ ഭാഗമായി ജൂബിലി മിഷൻ ഹോസ്പിറ്റൽ സ്റ്റാൻഡിലുള്ള ഓട്ടോ, ടാക്സി ഡ്രൈവർമാർക്ക് സൗജന്യ നേത്ര പരിശോധനയും പൊതുജന ബോധവൽക്കരണത്തിന്റെ ഭാഗമായി സെമിനാറും ജൂബിലി ഐ. എം. എ ഡോക്ടേഴ്സിനും കുടുംബാംഗങ്ങൾക്കും ഗ്ലൂക്കോമ സ്ക്രീനിങ്ങും ഉണ്ടായിരുന്നു.






# ലോക ഒപ്ടോമെട്രി ദിനം

2024 മാർച്ച് 23-ാം തീയതി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് സെന്റ് തോമസ് ബ്ലോക്ക്, ഒഫ്താൽമോളജി ലേസർ റൂമിൽ വെച്ച് രാവിലെ 9 മണിക്ക് ലോക ഒപ്ടോമെട്രി ദിനം ആചരിച്ചു. ഒഫ്താൽമോളജി സീനിയർ കൺസൾട്ടന്റ് ഡോ. ആൻഡ്രൂസ് സി. വി. യുടെ സ്വാഗതത്തോടെ ആരംഭിച്ച പരിപാടിയിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസി. ഡയറക്ടർ ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ ക്ലീനിങ്ങ്, സെക്യൂരിറ്റി സ്റ്റാഫിനുള്ള സൗജന്യ നേത്ര പരിശോധനാ ക്യാമ്പ് ചടങ്ങിൽവച്ച് പ്രഖ്യാപിച്ചു. സീനിയർ ഒപ്ടോമെട്രിസ്റ്റ് സുരേന്ദ്രൻ എൻ. സി. ഒപ്ടോമെട്രി ദിന സന്ദേശം നല്കി. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അലക്സ് ജോസഫ്, ഒഫ്താൽമോളജി പ്രൊഫസർ ഡോ. സേതു പി. എ., ഡോ. മോൺസി തോമസ് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. ഒപ്ടോമെട്രിക് ടെക്നീഷ്യൻ ജിലു ജോസഫ് നന്ദി പറഞ്ഞു.



# ഇന്റർനാഷണൽ ഹൈബ്രിഡ് വർക്ക്ഷോപ്പ് - 2024







തൃശ്ശൂർ ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജിൽ രണ്ട് ദിവസങ്ങളിലായി അന്താരാഷ്ട്ര ഹൈബ്രിഡ് ശില്പശാല, നഴ്സിങ്ങിന്റെ ഗുണമേന്മ നിലനിർത്തുന്നതിന്റെ ആവശ്യകതയെ പറ്റിയും ഭാവിയിലെ ആരോഗ്യമേഖലയിലെ സുസ്ഥിരത എന്ന വിഷയത്തെപ്പറ്റിയും ഒരു വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.

ജൂബിലി മിഷൻ നഴ്സിങ്ങ് കോളേജ് അസി. ഡയറക്ടർ ഫാ. ജോയ്സൺ ചെറുവത്തൂർ ഉദ്ഘാടനം നിർവ്വഹിച്ചു. ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് പ്രിൻസിപ്പൽ ഡോ. ഏയ്ഞ്ചല ജ്ഞാനദുരൈ ശില്പശാലയെക്കുറിച്ച് രൂപരേഖ നല്കി. ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് വൈസ് പ്രിൻസിപ്പൽ ഡോ. സി. ഫിലോരശ്മി ആശംസകൾ അറിയിച്ചു. തുടർന്ന് ലോകത്തിലെ വിവിധ ഭാഗങ്ങളിൽനിന്ന് പ്രഗത്ഭരായ വ്യക്തികൾ ശില്പശാലയുടെ വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നയിച്ചു. നഴ്സിങ്ങ് മേഖലയിലെ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും 60 പേർ പങ്കെടുത്തു.

RESEARCH WINGS







# JOURNAL CLUB

The 70th Journal Club meeting was conducted on 20th March by JCMR, at New CCM Hall. The speaker on the occasion was Dr. Kannan Viswanath, Senior Resident in the Dept. of Pathology. The presentation was based on an article "Efficiency and safety of lifileucel, a one time autologous tumour infiltrating lymphocyte (TIL) cell therapy, in patients with advanced melanoma after progression on immense checkpoint inhibitors and targeted therapies : pooled analysis of consecutive cohorts of the C-144-01 study" published in Journal for immunotherapy for cancer by Chesney et.al, year 2022.

Lifilenced in the first theraputic drug that is used in tumour infiltrating therapy in advanced melanoma Dr. Deepthi Vijayaraghavan, Dr. Usha Pai, Dr. Sr. Donata and Dr. Kurian Alappatt are participated in the discussion and gave their opinion on the various aspects of the recent advances in targeted immunotherapy in cancer and their applications in Indian scenario.






# ക്ഷയരോഗത്തെ
## ക്ഷമയോടെ തോൽപ്പിക്കാം...

ലോക ക്ഷയരോഗദിനത്തിന്റെ ഭാഗമായി ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ മാർച്ച് 22-ാം തിയ്യതി റെസ്പിറേറ്ററി മെഡിസിൻ ഡിപ്പാർട്ടുമെന്റിന്റെയും NTEP കോർ കമ്മിറ്റി, അസോസിയേഷൻ ഓഫ് പൾമണോളജിസ്റ്റ്സ് തൃശ്ശൂർ (APT), TB ഡിസ്ട്രിക്റ്റ് സെന്റർ, ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിറ്റി മെഡിസിൻ എന്നിവരുടെ നേതൃത്വത്തിൽ ഒരു CME പ്രോഗ്രാം സംഘടിപ്പിച്ചു.





റെസ്പിറേറ്ററി മെഡിസിൻ വിഭാഗം മേധാവി ഡോ. സുപ്രിയ അടിയോടിയുടെ സ്വാഗതത്തോടുകൂടി ആരംഭിച്ച പരിപാടിയിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. പത്മകുമാർ CME ഉത്ഘാടനം ചെയ്തു. മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, ചീഫ് കോഡിനേറ്റർ ക്വാളിറ്റി അക്രഡിറ്റേഷൻ ഡോ. സി. വി. ആൻഡ്രൂസ്, കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റ് HOD ഡോ. ലൂസി റാഫേൽ, IMA ജൂബിലി സെക്രട്ടറി ഡോ. അബൂബക്കർ മുഹമ്മദ് റാഫി എന്നിവർ ആശംസകൾ അർപ്പിച്ചു.



ആദ്യത്തെ CME ക്ലാസ്സിൽ സ്പീക്കർ ഡോ. സജീവ് നായർ, ചെയർമാൻ, സോണൽ ടാസ്ക് ഫോഴ്സ് ആയിരുന്നു. അദ്ദേഹം 'Diagnostic Dilemas in Extra pulmonary Tuberculosis എന്ന വിഷയത്തെപ്പറ്റി ക്ലാസ്സ് എടുത്തു. ക്ലാസ്സിൽ ഡോ. അശോക് നൈനാൻ, ഡോ. പ്രകാശ് നായർ, ഡോ. ഉഷ പായ് എന്നിവർ അദ്ധ്യക്ഷരായിരുന്നു. രണ്ടാമത്തെ സ്പീക്കർ ഡോ. മുഹമ്മദ് ജെ. നിഷാദ്, കൺസൾട്ടന്റ്, ഡിസ്ട്രിക്റ്റ് സെന്റർ, TB) ആയിരുന്നു. 'TB Preventive Therapy & TB in Special Situations (CKD, CLD & Pregnancy) എന്നതായിരുന്നു വിഷയം. ക്ലാസ്സിൽ ഡോ. ബിൻസ് ജോൺ, ഡോ. ലോല രാമചന്ദ്രൻ, ഡോ. സച്ചിൻ എന്നിവർ അദ്ധ്യക്ഷരായിരുന്നു.

അതിനു ശേഷം 'Tuberculosis : Current Challenges & Beyond' എന്ന വിഷയത്തെപ്പറ്റി ഒരു പാനൽ ഡിസ്കഷൻ നടന്നു. അതിന് നേതൃത്വം നൽകിയത് അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്







മെഡിക്കൽ സയൻസ് തൃശ്ശൂർ, റെസ്പിറേറ്ററി മെഡിസിൻ വിഭാഗം മേധാവി ഡോ. ഡേവിസ് പോൾ ആയിരുന്നു. ഡോ. സൻജീവ് നായർ, ഡോ. രാധിക കണ്ണൻ, ഡോ. പി. സി. ഗിൽവാസ്, ഡോ. അപർണ നമ്പൂതിരിപ്പാട്, ഡോ. റോസ്‌ലി ജോസ് എന്നിവരായിരുന്നു പാനലിസ്റ്റുകൾ. റീൽസ് കോമ്പറ്റീഷൻ വിജയികൾക്കുള്ള സമ്മാനങ്ങൾ ജൂബിലി സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ നൽകി. ഡോ. ശ്രുതി രഘുനാഥിന്റെ നന്ദിയോടുകൂടി CME സമാപിച്ചു.



# പേഷ്യന്റ് ബ്ലഡ് മാനേജ്മെന്റ് - എ പാരഡൈം ഷിഫ്റ്റ് ഇൻ ട്രാൻസ്ഫ്യൂഷൻ പ്രാക്ടീസസ്







2024 മാർച്ച് 23-ന് ജൂബിലി മിഷൻ ഹോസ്പിറ്റലിലെ ന്യൂ സി. സി. എം. ഹാളിൽ ഉച്ചയ്ക്ക് 12.00 മുതൽ 1.30 വരെ പേഷ്യന്റ് ബ്ലഡ് മാനേജ്മെന്റ് - എ പാരഡൈം ഷിഫ്റ്റ് ഇൻ ട്രാൻസ്ഫ്യൂഷൻ പ്രാക്ടീസസ് എന്ന സെമിനാർ നടത്തി. ഐ. സി. എം. ആർ. ഫണ്ട് ചെയ്ത റോട്ടം പ്രോജക്ടാണ് സെമിനാർ സംഘടിപ്പിച്ചത്. അനസ്തേഷ്യ അസോസിയേറ്റ് പ്രൊഫസർ





ഡോ. ബിജോയ് ചിറയത്ത് സ്വാഗതം പറഞ്ഞു. അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി സെമിനാർ ഉത്ഘാടനം ചെയ്തു. അതിനുശേഷം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ അസോസിയേറ്റ് പ്രൊഫസർ ഡോ. അബൂബക്കർ മുഹമ്മദ് റാഫി, സിംഗപ്പൂർ കെ.കെ. വുമൺ ആൻഡ് ചൈൽഡ് ഹോസ്പിറ്റലിലെ പീഡിയാട്രിക് അനസ്തേഷ്യ സീനിയർ കൺസൾട്ടന്റ് ഡോ. വിജേവീര ഒലീവിയ, ജൂബിലി മിഷൻ അനസ്തേഷ്യ പ്രൊഫസർ ഡോ. ഉഷ ഷേണായി എന്നിവർ ക്ലാസ്സുകൾ നയിച്ചു. തുടർന്ന് നടന്ന പാനൽ ചർച്ചയിൽ ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗത്തിലെ അസി. പ്രൊഫസർ ഡോ. നീത ജോർജ്ജ്, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ എമർജൻസി മെഡിസിൻ വിഭാഗത്തിലെ അസോ. പ്രൊഫസർ ഡോ. സിജു വി. അബ്രഹാം എന്നിവർ മോഡറേറ്റർമാരായിരുന്നു. കൊച്ചി ആസ്റ്ററിലെ ട്രാൻസ്പ്ലാന്റ് അനസ്തെറ്റിസ്റ്റ് ഡോ. സംഗീത്,



ജൂബിലി അനസ്തേഷ്യ പ്രൊഫസർ ഡോ. ഉഷ ഷേണായി, അനസ്തേഷ്യ അസോസിയേറ്റ് പ്രൊഫസർ ഡോ. ബിജോയ് ചിറയത്ത്, ട്രാൻസ്ഫ്യൂഷൻ മെഡിസിൻ അസോസിയേറ്റ് പ്രൊഫസർ ഡോ. അബൂബക്കർ മുഹമ്മദ് റാഫി എന്നിവർ പാനൽ ചർച്ചയിൽ അംഗങ്ങളായിരുന്നു. സെമിനാറിൽ 80 പേർ പങ്കെടുത്തു.




# ജൂബിലിയിൽ ഹീമോഫീലിയ ചികിത്സാ കേന്ദ്രം

2014 ഡിസംബർ 14ന് ആണ് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ ഹീമോഫീലിയ ചികിത്സാ കേന്ദ്രം ആരംഭിക്കുന്നത്. മെഡിക്കൽ കമ്മ്യൂണിറ്റിയുടെയും കുന്നംകുളം ഹീമോഫീലിയ സൊസൈറ്റിയുടെയും (കെഎച്ച്എസ്) സഹകരണ ശ്രമങ്ങളാണ് ഇതിന്റെ പിന്നിൽ. തുടക്കത്തിൽ മെഡിസിൻ ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഡോ. ബെൻസി മാത്യു (എംഡി) നേതൃത്വം നൽകി. ഇമ്മ്യൂണോഹെമറ്റോളജി & ട്രാൻസ്ഫ്യൂഷൻ മെഡിസിനിൽ നിന്നുള്ള ഡോ. സുശീല ഇന്നയുടെ പിന്തുണയോടെ, ക്ലിനിക്ക് വളർച്ചയുടെ പടവുകൾ താണ്ടി.

ഹീമോഫീലിയയും മറ്റ് രക്തസ്രാവ വൈകല്യങ്ങളും ഉള്ള വ്യക്തികൾക്ക് പരിചരണം നൽകുന്നതിൽ തുടർച്ചയായ വളർച്ചയും മെച്ചപ്പെടുത്തലുമാണ് ഈ ക്ലിനിക്കിന്റെ ലക്ഷ്യം. ജൂബിലിയുടെ സ്പെഷ്യലിസ്റ്റ് പാനലിന്റെ വിപുലീകരണവും വേൾഡ് ഫെഡറേഷൻ ഓഫ് ഹീമോഫീലിയയുടെ (WFH) വിലമതിക്കാനാവാത്ത പിന്തുണയും മൂലം 2016-ൽ ശ്രദ്ധേയമായ ചില മാറ്റങ്ങൾ സംഭവിച്ചു. സാധാരണ കേസുകൾ കൈകാര്യം

ചെയ്യാൻ മാത്രമല്ല സങ്കീർണ്ണമായ സാഹചര്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാനും ഈ പിന്തുണ പ്രാപ്തരാക്കി. FEIBA ഇൻഹിബിറ്ററുകൾ ഉപയോഗിച്ച് രോഗികളെ ചികിത്സിച്ചതിലും ഹിപ് റീപ്ലേസ്മെന്റ് സർജറി നടത്തിയതും ഗർഭകാലത്ത് അഫിബ്രിനോജെനെമിയ പോലുള്ള കേസുകൾ പ്രോഫൈലാക്റ്റിക് ക്രയോപ്രെസിപിറ്റേറ്റ് ട്രാൻസ്ഫ്യൂഷൻ ഉപയോഗിച്ച് വിജയകരമായി കൈകാര്യം ചെയ്തതും ഈ സെന്ററിന്റെ പ്രവർത്തനങ്ങളിൽ പെടുന്നു.

CMC വെല്ലൂർ നൽകുന്ന പരിശീലനത്തിലൂടെയുള്ള ടീമിന്റെ വിപുലീകരണവും ഈ സെന്ററിനെ ശക്തിപ്പെടുത്തുന്നു. ഹീമോഫീലിയയും മറ്റ് രക്തസ്രാവ വൈകല്യങ്ങളും ഉള്ള എല്ലാ വ്യക്തികൾക്കും സമഗ്രവും അനുകമ്പയുള്ളതുമായ പരിചരണം നൽകിക്കൊണ്ട് രോഗികളുടെ മാനേജ്മെന്റും ടെസ്റ്റിംഗ് സൗകര്യങ്ങളും മെച്ചപ്പെടുത്തുകയാണ് ഈ ക്ലിനിക്ക് ലക്ഷ്യമിടുന്നത്. വിവിധ രോഗികൾക്ക് ഏകദേശം 18 ലക്ഷം യൂണിറ്റ് ഫാക്ടർ VIII നൽകി; കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഹ്യുമാനിറ്റേറിയൻ എയ്ഡ് പ്രോഗ്രാമിലൂടെ വേൾഡ് ഫെഡറേഷൻ ഓഫ് ഹീമോഫീലിയ (WFH)യെ പിന്തുണയ്ക്കുന്നു.



## നിലവിലെ സമഗ്ര ടീമിലെ അംഗങ്ങൾ

- ഡോ രതി ശാന്തകുമാർ (ശിശുരോഗവിദഗ്ധ) & ക്ലിനിക്കൽ ഇൻചാർജ്
- ഡോ കുര്യൻ ആലപ്പാട്ട് (അസ്ഥിരോഗവിദഗ്ധൻ)
- ഡോ റെനി ബെന്നി (പിഎംആർ)

- ഡോ. ദീപക് ചാൾസ് (വിസിറ്റിംഗ് ഹെമറ്റോളജിസ്റ്റ്)
- ഡോ. ശ്രീകാന്ത് എം (ജനറൽ സർജറി)
- ഡോ. ഹെൻസ ഹെൻറി (ഫിസിഷ്യൻ)
- സി. ധന്യ ടി എ (നഴ്സ്)
- ജെറിൻ ജോസ് (ഫിസിയോതെറാപ്പിസ്റ്റ്)




ഡോ. രമേഷ് ഭാസ്കരൻ, ഡോ. നിത്യ എം ബൈജു, ഡോ. ആതിര ശശിധരൻ, ട്രാൻസ്ഫ്യൂഷൻ മെഡിസിനിലെ ബിരുദാനന്തര ബിരുദ വിദ്യാർഥികൾ എന്നിവരടങ്ങുന്ന ലാബ് ആൻഡ് ബ്ലഡ് സെന്ററിലെ സമർപ്പിതരായ പ്രൊഫഷണലുകളുടെ പങ്കാളിത്തത്തോടെ സമഗ്രമായ ക്ലിനിക്കൽ, ഡയഗ്നോസ്റ്റിക്, പുനരധിവാസ പരിചരണം എന്നിവ നൽകാനുള്ള പ്രതിബദ്ധതയും ഈ സെന്ററിന്റെ വിജയത്തിന് പിന്നിലുണ്ട് .

Diagnostics: PT/INR, APTT, Factor Assays, Mixing Studies, Inhibitor Screening & Inhibitor Assay, Urea Clot Solubility Testing, ROTEM.T

Therapeutics/ Blood products: WFH support for factor VIII, Board exam Prophylaxis support from HFI, RDP, SDP, Cryoprecipitate & Fresh Frozen Plasma for other bleeding Disorders.

ഈ ക്ലിനിക്കിൽ ഇത്തരം സേവനങ്ങൾ എല്ലാം ലഭ്യമാകുന്നുണ്ട്.




| | |
|---|---|
| Dr. Dhivya A Arunachalam | Charles Pinto |
| Dr. Nithya Abraham | Radiology |
| Dr. Dennas Davis Edakaulathur | General Medicine |
| Dr. Keerthana S. | Anaesthesia |
| Mr. Vimal Vinayan | Anaesthesia |
| Mrs. Vishma Vinayan | Anaesthesia |
| Mrs. Beena | Canteen |
| Mr. Harshavardhanan V | Cardiac Surgery |
| Mr. Amal Reji | Cardiology |
| Mrs. Maria E J | Child Health Nursing |
| Ms.Nicy K R | Pharmacy |
| Sr. Rosily Neelamkavil (Rosily N R) | Pastoral Care |
| Mrs. Sherin Raphy | Auxiliary Nursing |
| Mrs. Jerin M T | Auxiliary Nursing |
| Mrs. Neethu Joy | Auxiliary Nursing |
| Mr. Shino T S | Auxiliary Nursing |

## NURSING

| | | |
|---|---|---|
| Ms. Kavya A R | Mrs. Mariya Tony | Ms. Layana Lijo |
| Mrs. Rosemerly M V | Ms. Sneha Shaju | Mrs. Shijina A P |
| Mrs. Somy Paul | Ms. Beena Manoj | Ms. Thara Shajan |
| Mrs. Chinju Thomas | Ms. Anjana Rooban | Mrs. Nivya Joy P |
| Mrs. Jismy T J | Mrs. Juliet N J | Mrs. Neena Benny |
| Mrs. Josimol Jose | Ms.Mariya Johnson | Mrs. Tintu Varghese |
| Mrs. Babitha Babu | Mrs. Floyee C A | Ms. Rinu Varghese |
| Ms. Cleya Cleetus | Sr. Saniya Paulson | Mrs. Riya Johnson |




ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രിയും ജൂബിലി ഫ്രറ്റേണിറ്റിയും സംയുക്തമായി ഡബിൾ ഹോഴ്സ് റൈസിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന സൗജന്യ സംഭാരവിതരണം ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയന്റെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട തൃശ്ശൂർ കോർപ്പറേഷൻ മേയർ ശ്രീ. എം. കെ. വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. ജൂബിലി ഫ്രറ്റേണിറ്റി ചെയർമാൻ ശ്രീ. സോളി തോമസ് സ്വാഗതം അർപ്പിക്കുകയും കോർപ്പറേഷൻ കൗൺസിലർ ശ്രീമതി സിന്ധു ആന്റോ ആശംസകൾ അർപ്പിക്കുകയും ചെയ്തു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, ഫിനാൻസ് അസിസ്റ്റന്റ് ഫാ. ജിജോ മാളിയേക്കൽ, ഡബിൾ ഹോഴ്സ് മാനേജിങ് ഡയറക്ടറും ജൂബിലി ഫ്രട്ടേണിറ്റി അംഗവുമായ ശ്രീ. സന്തോഷ് മഞ്ഞില, മറ്റു ഫ്രട്ടേണിറ്റി അംഗങ്ങൾ, ശ്രീ. റാഫി ആന്റണി, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. ബാബു ലൂവീസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സജീവ് എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു







# നന്നായി കേൾക്കുന്നുണ്ടോ...

     

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഇ. എൻ. ടി. വിഭാഗം മാർച്ച് 2 ശനിയാഴ്ച ലോക കേൾവി ദിനം ആചരിച്ചു. ചെവി, കേൾവി പരിചരണം എല്ലാവർക്കും യാഥാർത്ഥ്യമാക്കുക എന്ന ആശയത്തോടെ നടത്തിയ ദിനാചരണത്തിന്റെ ഭാഗമായി മൂന്ന് ദിവസം സൗജന്യ കേൾവി പരിശോധന നടത്തുകയുണ്ടായി. ഓട്ടോറിക്ഷ, ടാക്സി, ആംബുലൻസ് ഡ്രൈവർമാർക്ക് മുൻഗണന കൊടുത്ത ഈ സൗജന്യ കേൾവി പരിശോധനാക്യാമ്പിൽ 25 ഡ്രൈവർമാർ പങ്കെടുത്തു. ഇതിൽ 22 പേർക്ക് കേൾവിക്ക് തകരാർ ഉള്ളതായി കണ്ടെത്തുകയും അവർക്ക് വേണ്ടതായ ചികിത്സാനിർദ്ദേശങ്ങൾ വിദഗ്ദ്ധർ നൽകുകയും ചെയ്തു. പോസ്റ്ററുകളുടെയും ചെവിയുടെ മോഡലുകളുടെയും പ്രദർശനം വഴി ചെവിയുടെ പ്രവർത്തനത്തെപ്പറ്റിയും കേൾവിക്കുറവിന്റെ കാരണങ്ങളെക്കുറിച്ചും ചികിത്സാസാധ്യതകളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിച്ചു.

ഉദ്ഘാടന ചടങ്ങിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഇ. എൻ. ടി. വിഭാഗം മേധാവി ഡോ. എം. വി. ജോർജ്ജ് നടത്തിയ ബോധവത്കരണക്ലാസ്സിൽ ഓരോ പ്രായത്തിലും



വരുന്ന കേൾവിക്കുറവിന്റെ കാരണങ്ങളും സ്ഥിതിവിവരക്കണക്കുകളും ചികിത്സാരീതികളും പരാമർശിച്ചു. ഉദ്ഘാടനചടങ്ങിൽ ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. അലക്സ് ജോസഫ്, ഒഫ്താൽമോളജി സീനിയർ കൺസൾട്ടന്റ് ഡോ. ആൻഡ്രൂസ് സി. വി., പ്ലാസ്റ്റിക് സർജറി അസി. പ്രൊഫസർ ഡോ. നവീൻ ഐസക്ക് എന്നിവർ പ്രസംഗിച്ചു. മറ്റ് ഡിപ്പാർട്ട്മെന്റുകളിലെ ഡോക്ടർമാരും സ്റ്റാഫും പൊതുജനങ്ങളും പരിപാടിയിൽ സംബന്ധിച്ചു. കേൾവിക്കുറവ് വരാതെ നോക്കുക, കേൾവിക്കുറവിന് ശാശ്വതപരിഹാരം ഉണ്ടാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ പരിപാടി സമാപിച്ചു.

## Congratulations!



കേരള അസോസിയേഷൻ ന്യൂറോളജി (KAN) യുടെ 10-ാമത് ക്ലിനിക്കൽ ന്യൂറോളജി ടീച്ചിങ്ങ് കോഴ്സ് @AIMS, കൊച്ചി മാസ്റ്റർ ടീച്ചറായി തെരഞ്ഞെടുക്കപ്പെട്ട ന്യൂറോളജി പ്രൊഫസർ ഡോ. ഫിജു ചാക്കോയ്ക്ക് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.



മെമ്പർഷിപ്പ് ഓഫ് ദി റോയൽ കോളേജ് ഓഫ് എമർജൻസി മെഡിസിൻ (MRCEM) ലണ്ടൻ, യുണൈറ്റഡ് കിങ്ഡം കരസ്ഥമാക്കിയ എമർജൻസി മെഡിസിൻ അസി. പ്രൊഫസർ ഡോ. അപ്പു സുശിലിന് ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.




# BACK PAIN AFTER SPINAL ANAESTHESIA : THE FACTS

Will I have back ache if you give me SPINAL anaesthesia? Doctor, Please give me General anaesthesia.This is a phrase, that is often heard in the operating room (OR). One out every five patients visiting our clinic refuses to give consent for spinal and insist on being given General anaesthesia. The fear of developing chronic back pain after a poke in the back causes much anxiety. Many fear that it could lead to reduced quality of life, loss of work productivity and increased health care costs.

Spinal anaesthesia is a form of anaesthesia where local anaesthetic is injected into the subarachnoid space, generally

through a fine needle. It is a safe and effective form of anaesthesia usually performed by anaesthesiologists. It can be used as an alternative for general anaesthesia commonly in surgeries below umbilicus and those involving lower extremities. It is especially advantageous for elderly patients who are more likely to suffer from side effects like post operative cognitive dysfunction. It also reduces the risk of cardiac or pulmonary complications that can accompany General anaesthesia (GA).

Post spinal back pain, seen in a fourth of patients receiving spinal, is usually very mild and self-limiting in nature, rarely persisting beyond a week. It is characterised by pain around the injection site and is due to local inflammatory response.



Back pain which lasts for months or even years, is almost always associated with pre-existing back pain. It could be due to disease or trauma of the intervertebral disc, nerves, fascia or joints. These group of patients needs to be carefully examined by a specialist and managed appropriately. Undue delay in treatment could worsen the problem and make it chronic. To conclude, spinal/epidural anaesthesia is not associated with long-term back pain. A proper awareness and understanding of the facts is essential and helps us to select the best anaesthetic techniques.

**Dr. Vigil Peter**
Asso. Professor, Anaesthesia




# പാളിപോകാത്ത പോളിയോ ഇമ്മ്യുണൈസേഷൻ







കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടത്തറ ഹെൽത്ത് സെന്ററിൽവച്ച് മാർച്ച് 3 ഞായറാഴ്ച കുട്ടികൾക്ക് പോളിയോ തുള്ളിമരുന്ന് നൽകി. രാവിലെ 8 മുതൽ വൈകീട്ട് 5 വരെ നടന്ന ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽ 173 കുട്ടികൾക്ക് പോളിയോ തുള്ളിമരുന്ന് നൽകി.





## യാത്രാമംഗളങ്ങൾ

**സ്തുത്യർഹമായ സേവനത്തിനുശേഷം യാത്ര പറയുന്ന ഹൗസ് കീപ്പിങ്ങ് ഡിപ്പാർട്ടുമെന്റിലെ ഡാർളി വി. എസിന്**

**ജൂബിലി കുടുംബത്തിന്റെ**

**യാത്രാമംഗളങ്ങൾ**



# ആയുർവേദ മിഷൻ ആശുപത്രിയിൽ

## സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്ന് വിതരണവും



ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ രാമവർമപുരം ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽവെച്ച് സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്നുവിതരണവും നടത്തി. തൃശ്ശൂർ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ജൂബിലി മിഷൻ ആശുപത്രി സി. ഇ. ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ഫാ. ഡിറ്റോ കൂള, ജൂബിലി ആയുർവേദ അഡ്മിനിസ്ട്രേറ്റർ ഡോ. ബിനു ബാഹുലേയൻ എന്നിവർ ആശംസകൾ അറിയിച്ചു. ജൂബിലി ആയുർവേദ കൺസൾട്ടന്റുമാരായ ഡോ. സിസ്റ്റർ നിർലീന, ഡോ. ഹാർവിൻ ജോർജ്ജ്, ഡോ. സന്ദേശ് ജോഷി, ഡോ. പീലി ഉണ്ണികൃഷ്ണൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

# സൗജന്യ മെഡിക്കൽ ക്യാമ്പുകൾ

## വരന്തരപ്പിള്ളി പഞ്ചായത്തിലെ 6, 7 വാർഡ്






കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ വരന്തരപ്പിള്ളി പഞ്ചായത്തിലെ ട്രൈബൽ നിവാസികൾക്കായി 2024 ഫെബ്രുവരി 25 ഞായറാഴ്ച ക്യാമ്പ് നടത്തി. എച്ചിപ്പാറ കമ്മ്യൂണിറ്റി ഹാളിൽ നടന്ന ക്യാമ്പിൽ ജൂബിലി മിഷൻ സ്ഥാപനങ്ങളുടെ അസി. ഡയറക്ടർ ഫാ. പോൾ ചാലിശ്ശേരി, കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. ലൂസി റാഫേൽ, വരന്തരപ്പിള്ളി പഞ്ചായത്തിലെ 6, 7 വാർഡുകളിലെ മെമ്പർമാർ എന്നിവർ പങ്കെടുത്തു. രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ നടന്ന ക്യാമ്പിൽ 105 പ്രദേശവാസികൾ പങ്കെടുത്തു. ഡോക്ടർമാരുടെ സേവനം, പ്രഷർ / ഷുഗർ പരിശോധന, ആവശ്യമായ മരുന്നുകൾ എന്നിവ സൗജന്യമായി ലഭ്യമാക്കി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ മറ്റ് സ്റ്റാഫ് അംഗങ്ങളും എം. ബി. ബി. എസ്. വിദ്യാർത്ഥികളും ക്യാമ്പിൽ പങ്കെടുത്തു.

## ആമ്പല്ലൂർ ത്യാഗരാജ പോളി ടെക്നിക് കോളേജ്




ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ ആമ്പല്ലൂർ ത്യാഗരാജ പോളി ടെക്നിക് കോളേജിലെ

 

വിദ്യാർത്ഥികൾക്കായി 2024 മാർച്ച് 20 ബുധനാഴ്ച ഹെൽത്ത് ചെക്കപ്പ് ക്യാമ്പ് നടത്തി. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെയും ഒഫ്താൽമോളജി വിഭാഗത്തിന്റെയും ആഭിമുഖ്യത്തിൽ നടന്ന ക്യാമ്പിൽ 250 വിദ്യാർത്ഥികൾ പങ്കെടുത്തു.

## കരുമത്ര ആരോഗ്യമാതാ പള്ളി



തൃശ്ശൂർ YMCA യുടെയും കരുമത്ര ആരോഗ്യമാതാ പള്ളി KCYMന്റെയും ആഭിമുഖ്യത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ മാർച്ച് 10 ഞായറാഴ്ച ഏഴ് ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെ ക്യാമ്പ് നടത്തി. പ്രസ്തുത ക്യാമ്പിൽ കമ്മ്യൂണിറ്റി മെഡിസിൻ, ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഇ. എൻ. ടി., ഓർത്തോപീഡിക്സ്, ഡെർമറ്റോളജി, ഡെന്റൽ എന്നീ വിഭാഗങ്ങളെ ഉൾപ്പെടുത്തി നടത്തിയ ക്യാമ്പിൽ 180 പേർ പങ്കെടുത്തു.

  



# നന്ദി വീഴ്ച ഒഴിവാക്കിയതിന്

ഞാൻ ഏകദേശം നാല് വർഷത്തോളമായി ജൂബിലി മിഷൻ ഹോസ്പിറ്റലിന്റെ ജെറിയാട്രിക്സ് ഡിപ്പാർട്ട്മെന്റിൽ 84 വയസ്സുള്ള എന്റെ അമ്മയെ കാണിക്കുന്നു. ഈ ഡിപ്പാർട്ട്മെന്റിന്റെ സേവനങ്ങളെ ഞാൻ നന്ദിയോടെ സ്മരിക്കുന്നു. ഡോ. സിജു ജോസ്, സ്റ്റാഫ് നഴ്സ് സിജി ഇവരുടെ സേവനങ്ങൾ പറഞ്ഞറിയിക്കാൻ പറ്റാത്തതാണ്. വളരെ കൃത്യവും സമയ ബന്ധിതവുമായ വൈദ്യസഹായം ഞങ്ങൾക്ക് ഇവിടെനിന്ന്

Together,
We are the
Patient Experience !

ലഭിച്ചു.ഡോക്ടറിന്റെ തുടർച്ചയായ നിർദ്ദേശങ്ങൾ, ഉദാഹരണത്തിന് വാർദ്ധക്യത്തിൽ വീഴുന്നത് എങ്ങനെ ഒഴിവാക്കാം എന്നിങ്ങനെ നല്ല ഫീഡ് ബാക്കുകൾ ലഭിച്ചിരുന്നു. ജൂബിലിയിൽനിന്ന് ലഭിച്ച സേവനങ്ങൾ എല്ലാംതന്നെ തൃപ്തികരമായിരുന്നു.

**ജോസഫ് ജോർജ്ജ്**




ലോകാരോഗ്യസംഘടനയുടെ സ്ഥാപകദിനത്തോടനുബന്ധിച്ച് ആചരിക്കുന്ന ലോകാരോഗ്യദിനം ഈ വർഷം ഊന്നൽ കൊടുക്കുന്നത് ആരോഗ്യവും സുരക്ഷിതത്വവുമുള്ള ഒരു ലോകം കെട്ടിപ്പടുക്കുവാനാണ്. ദാരിദ്ര്യനിർമ്മാർജ്ജനവും ശുദ്ധജലത്തിന്റെ ലഭ്യതയും പകർച്ചവ്യാധികളിൽനിന്നുള്ള മുൻകരുതലും ഈ വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുന്നു. ആരോഗ്യം ഒരു അവകാശമാണെന്നാണ് ലോകാരോഗ്യസംഘടനയുടെ ഡയറക്ടർ ജനറൽ ഡോ. ടെഡ്രോസ് അദാനോം ഗെബ്രിയേസസ് തന്റെ പരാമർശങ്ങളിൽ പ്രതിപാദിക്കുന്നത്. ആരോഗ്യപരിരക്ഷയും സമഗ്ര ആരോഗ്യവും ലൈംഗികവും പ്രത്യുല്പാദനപരവുമായ അസമത്വങ്ങളെ കുറയ്ക്കുകയുമാണ് Right to Health - നുള്ള മാർഗ്ഗനിർദ്ദേശങ്ങളായി അദ്ദേഹം മുന്നോട്ടുവെയ്ക്കുന്നത്. എന്റെ ആരോഗ്യം എന്റെ അവകാശം എന്ന മുദ്രാവാക്യം തന്നെ ഇത് വെളിപ്പെടുത്തുന്നു. എന്നാൽ പലവിധ രോഗങ്ങളും കെടുതികളും യുദ്ധങ്ങളും ആരോഗ്യം എന്ന അവകാശത്തിന് ഭീഷണിയായി നിലനിൽക്കുന്നു. അന്തരീക്ഷത്തെ മലിനമാക്കുന്ന ഇന്ധനങ്ങൾ മൂലം കാലാവസ്ഥ വ്യതിയാനമുണ്ടാക്കുന്നതുവഴി ഓരോ അഞ്ച് സെക്കൻഡിലും ഒരു ജീവൻ നഷ്ടമാകുന്നുണ്ട്.

നാം എല്ലാവരും മന:സാക്ഷിക്കുതകും വിധം ആത്മാർത്ഥതയോടെയും സമർപ്പണഭാവത്തോടെയും സഹജീവികളുടെ ആരോഗ്യപരിപാലനത്തിനായി പ്രാഥമിക പരിഗണന നൽകി സഹകരിക്കേണ്ടതും തങ്ങളിലർപ്പിച്ചിട്ടുള്ള വിശ്വാസം കാത്തുസൂക്ഷിക്കേണ്ടതും കാലത്തിനു മുന്നിൽ നമ്മുടെ കടമയാണ്. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ലോകമെമ്പാടുമുള്ള എല്ലാവർക്കും ആദരവുകൾ അർപ്പിച്ചുകൊണ്ടും ഒരിക്കൽകൂടി ഏവർക്കും ലോകാരോഗ്യദിനത്തിന്റെ ആശംസകൾ...

# ആരോഗ്യ ജീവിതത്തിന് അഭ്യംഗം



ആയുർവേദ ശാസ്ത്രം രോഗങ്ങളെ ചികിത്സിക്കുകയും ആരോഗ്യമുള്ളവരുടെ ആരോഗ്യം നിലനിർത്തുകയും ചെയ്യുന്നു. ഇക്കാലത്ത് ജോലിസ്ഥലത്തെ സമ്മർദ്ദം ഒരു വ്യക്തിയെ വിനാശകരമായി ബാധിക്കുന്നു. അത് പല രോഗങ്ങളുടേയും പ്രകടനത്തിലേക്ക് നയിച്ചേക്കാം. ആരോഗ്യം നിലനിർത്താൻ ദൈനംദിന പ്രവർത്തനങ്ങളിൽ ചില വിദ്യകളും പ്രതിവിധികളും പിന്തുടരാമെന്ന് ആയുർവേദ ഗ്രന്ഥങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ഇതിനെ ദിനചര്യ എന്ന് വിളിക്കുന്നു.

തൈലം ഉപയോഗിച്ച് ശരീരത്തിനെ തടവുന്നതിനെയാണ് അഭ്യംഗം എന്ന് പറയുന്നത്. ശരീരത്തിനും മനസ്സിനും ദൃഢതയും സൗമ്യതയും പ്രദാനം ചെയ്യുന്നു. ചർമ്മത്തിന് മൃദുലത ലഭിക്കുന്നു. അഭ്യംഗം പല രോഗങ്ങൾക്കും ഉള്ള ചികിത്സയാണ്. ആരോഗ്യം നിലനിർത്തുന്നതിനുപരി ഒരു വ്യക്തിയെ സുഖപ്പെ

ടുത്തുകയും പുനർജീവിപ്പിക്കുകയും ചെയ്യുന്നു. ആയുർവേദത്തിലെ ഒരു പ്രധാന ചികിത്സാരീതി കൂടെയാണിത്. ഒരു കൂട്ടം രോഗങ്ങൾക്ക് കാരണമാകുന്ന ഘടകമായ വാതദോഷത്തെ അഭ്യംഗം നിയന്ത്രിക്കുന്നു.

അഭ്യംഗത്തിന്റെ നടപടിക്രമങ്ങൾ നോക്കാം. ക്രിയാക്രമത്തിനു മുൻപ് രോഗിയുടെ സാമാന്യ ശാരീരിക സ്ഥിതികൾ പരിശോധിക്കും. ഒരു മണിക്കൂർ മുൻപ്, രോഗി ലഘുവായ ആഹാരം കഴിച്ചിട്ടുണ്ടാവണം. കാലാവസ്ഥ, രോഗം, രോഗിയുടെ ശരീരപ്രകൃതി എന്നിവയ്ക്ക് അനുയോജ്യമായ തൈലം തിരഞ്ഞെടുത്ത് ഏകദേശം 38 മുതൽ 44 വരെ ഡിഗ്രി സെൽഷ്യസ് ഊഷ്മാവിൽ ചൂടാക്കുന്നു. തലയിൽ തേക്കുന്ന തൈലം ചൂടാക്കി അല്പം തണുപ്പിച്ചതാണ് ഉത്തമം.



രോഗിയെ കിടത്തി കൈവെള്ള, നാഭി, ചെവി എന്നീ ഭാഗങ്ങളിൽ ചെറുചൂടാക്കിയ തൈലം തേച്ചുപിടിപ്പിക്കുന്നു. ദ്രോണിമേശയുടെ ഇരുവശത്തും നിൽക്കുന്ന രണ്ട് തെറാപ്പി

സ്റ്റുകൾ ചൂടാക്കിയ എണ്ണ സർവ്വാംഗം തേച്ചുപിടിപ്പിക്കുന്നു. ശരിയായ രീതിയിൽ 7 പൊസിഷനിൽ ആണ് അഭ്യംഗം ചെയ്യുന്നത്.

ഹൃദയം, ശ്വാസകോശം, ദഹനപഥം എന്നിവയുമായി ബന്ധപ്പെട്ട രോഗമുള്ളവരിൽ കമിഴ്ന്നുകിടന്നുള്ള അഭ്യംഗം



ഒഴിവാക്കാറുണ്ട്. 30 മുതൽ 45 മിനിറ്റിനുള്ളിൽ ക്രിയാക്രമങ്ങൾ പൂർത്തിയാക്കാറുണ്ട്. 10 മിനിറ്റ് വിശ്രമത്തിനുശേഷം രോഗിയെ കുളിപ്പിച്ച്, നെറുകയിൽ രാസ്നാദി ചൂർണ്ണം ഇട്ടുകൊടുക്കും.

'ഓയിൽ മസാജ്' ചെയ്യുന്നതിലൂടെ ശരീരത്തിന് ശക്തി ലഭിക്കുകയും സമ്മർദ്ദപൂരിതമായ ജോലികൾ മൂലമുണ്ടാകുന്ന ക്ഷീണത്തെ പ്രതിരോധിക്കുകയും ചെയ്യുന്നു. ദിവസേന അഭ്യംഗം ചെയ്യണം എന്നാണ് ആയുർവേദം പറയുന്നത്. അല്ലെങ്കിൽ, കുറഞ്ഞത് തലയിലും ചെവിയിലും കാലിലും എണ്ണ പുരട്ടുന്നത് ആരോഗ്യകരമായ ജീവിതം നയിക്കാൻ സഹായിക്കും.

**ഡോ. പീലി ഉണ്ണികൃഷ്ണൻ**
ജൂനിയർ ഡോക്ടർ
ജൂബിലി ആയുർവേദ മിഷൻ ഹോസ്പിറ്റൽ ആൻഡ്
റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Manisha A N | Mr. Joshi Paul


"കണ്ണാണു ശരീരത്തിൻെറ വിളക്ക്.
കണ്ണ് കുറ്റമറ്റതെങ്കിൽ
ശരീരം മുഴുവൻപ്രകാശിക്കും."
(മത്തായി 6:22)
Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE